**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 356** **23-08-2022 - ൽ മറുപടിയ്ക്ക്**

**വീട്ടുകരത്തിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ആറ് വർഷക്കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീട്ടുകരം ഇനത്തിൽ എത്ര തുകയാണ് വർദ്ധിപ്പിച്ചത് എന്ന് വ്യക്തമാക്കാമോ; പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വീട്ടുകരം ഇരട്ടിയും നാലിരട്ടിയും വർദ്ധിപ്പിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കഴിഞ്ഞ ആറ് വർഷക്കാലയളവിൽ ഗ്രാമപഞ്ചായത്തുകൾ വീട്ടുകരം വർദ്ധിപ്പിച്ചിട്ടില്ല. വീട്ടുകരം ഇരട്ടിയും നാലിരട്ടിയും വർദ്ധിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സർക്കാരിന്റെ 27/04/2015 തീയതിയിലെ സ.ഉ.(കൈ)നം.144/2015/ തസ്വഭവ ഉത്തരവ് പ്രകാരം 2000 ചതുരശ്ര അടിവരെ തറ വിസ്തീർണ്ണമുള്ളതും വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടില്ലാത്തതുമായ വീടുൾക്ക് നികുതി വർദ്ധനവ് ഒഴിവാക്കിയിട്ടുണ്ട്. ആയതിന് മുകളിൽ വിസ്തീർണ്ണമുള്ള വീട്ടുകൾക്ക് മാത്രമാണ് 25% എന്ന പരിധിയ്ക്ക് വിധേയമായി വർദ്ധനവ് വരുത്തിയിട്ടുള്ളത്. |
| (ബി) | ഇത്രയും വലിയ വർദ്ധനവ് താങ്ങാൻ കഴിയാത്ത ജനവിഭാഗമായ മത്സ്യത്തൊഴിലാളികൾക്ക് വീട്ടുകരം ഇനത്തിൽ ഇളവ് അനുവദിയ്ക്കുവാൻ തയ്യാറാകുമോ? | (ബി) | തറ വിസ്തീർണ്ണം 660 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള സ്വന്തം താമസത്തിനുപ യോഗിക്കുന്ന വാസഗൃഹങ്ങൾക്ക് 2015-16 സാമ്പത്തിക വർഷം മുതൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ വീട്ടുകരം ഒഴിവാക്കി നൽകിയിട്ടുള്ളതാണ്. ഇതിലധികം വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് വീട്ടുകരം ഇനത്തിൽ ഇളവ് അനുവദിയ്ക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ